2025 ജൂലയ്
30
ബുധൻ

# നവദിഗ്ദർശി

ഗവ:വി ആൻറ്  എച്ച് എസ് എസ് പിരപ്പൻകോട്

www.gvhsspirappancode.com l Email:gvhsspirappancodetvm@gmail.com

**സ്കൂൾ പ്രവേശനോത്സവത്തിന് ആവേശോജ്ജ്വലമായ തുടക്കം**

**കായിക മികവിനായി മൾട്ടി പർപ്പസ് ആഡിറ്റോറിയം**




## പുതുവത്സരത്തിന് പുതുമയേകിക്കൊണ്ട് പിരപ്പൻകോട് ഗവ:വി എച്ച് എസ് എസ്

പിരപ്പൻകോട് :2025-26 അധ്യയനത്തിലെ സ്കൂൾ പ്രവേശനോത്സവം പൂർവ്വവിദ്യാർത്ഥിയും സാഹിത്യകാരനുമായ ശ്രീ എസ് ആർ ലാൽ ഭദ്രദീപം കൊളുത്തി ഉദ്ഘാടനകർമ്മം നിർവഹിച്ചു. കുട്ടിമനസുകളെ ആകർഷിക്കുമാം വിധം ചെറുകവിതകൾ പാടിക്കൊണ്ട് സദസ്സിനെ പുളകമണിയിച്ചു. തുടർന്ന് പി ടി എ പ്രസിഡൻറ് , പ്രിൻസിപ്പാൾ,ഹെഡ്മിസ്ട്രസ്, സ്കൂൾ വികസന സ്റ്റാൻറിംഗ് കമ്മിറ്റിഅംഗം വാർഡ് മെമ്പർ എന്നിവരെല്ലാംആശംസകൾഅർപ്പിച്ചു.

ലഹരിക്കെതിരെയുള്ള ബോധവത്ക്കരണ ക്ലാസുമായി പി ടി എ അംഗവും എക്സൈസ് വകുപ്പിലെ ജീവനക്കാരനുമായ ശ്രീ പ്രസാദ് പിഷാരടിപ്രഭാഷണം നടത്തി.



## പിരപ്പൻകോട് സർക്കാർ സ്കൂളിലെ മൾട്ടി പർപ്പസ് ആഡിറ്റോറിയം



പിരപ്പൻകോട്: ശ്രീ എ എ റഹിം എം പി യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 50 ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മിക്കുന്ന മൾട്ടി പർപ്പസ് ആഡിറ്റോറിയത്തിൻെറ ശിലാസ്ഥാപനം പൂർവ്വ വിദ്യാർത്ഥിയും എം പി യുമായ ശ്രീ എ എ റഹിം നിർവഹിച്ചു.  ഈ അവസരത്തിൽ എച്ച് എസ് , എച്ച് എസ് എസ് വിഭാഗങ്ങളിൽ ഫുൾ എ പ്ലസ് നേടിയ കുട്ടികളെ എം പി യുടെ പ്രത്യേക ആശംസ കാർഡുകൾ നല്കി ആദരിച്ചു.

**മരങ്ങൾ നട്ടു വളർത്തു ഭൂമിയെ സംരക്ഷിക്കു**

പിരപ്പൻകോട്: ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിവിധ പരിപാടികൾ സംഘടിപ്പിച്ചു. സ്കൂൾ ഇക്കോ ക്ലബിൻെറ നേതൃത്വത്തിൽ സ്കൂൾ കോമ്പൗണ്ടിൽ മരങ്ങൾ നട്ടുകൊണ്ട് പ്രവർത്തനങ്ങൾ ആരംഭിച്ചു. തുടർന്ന് സ്കൂൾതല ക്വിസ് മത്സരവും പോസ്റ്റർ രചനാ മത്സരവും നടത്തുകയും വിജയികളെ പ്രഖ്യാപിക്കുകയും സമ്മാനവിതരണവും നടത്തി.





## വായനദിന വാരാഘോഷം

പിരപ്പൻകോട്: വായിച്ചാലും വളരും വായിച്ചില്ലെങ്കിലും വളരും വായിച്ചു വളർന്നാൽ വിളയും വായിക്കാതെ വളർന്നാൽ വളയും എന്ന ആപ്തവാക്യം ഉൾക്കൊണ്ട് കൊണ്ട് ജൂൺ 19 സ്പെഷ്യൽ അസംബ്ലിയോട് കൂടി വായനദിന വാരാഘോഷം ആരംഭിച്ചു. വായന ദിനാചരണത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മാണം, വായന ദിന പ്രതിജ്ഞ, വായനദിന പ്രഭാഷണം, വായനദിന ഗാനം, വായനദിന ക്വിസ്, അക്ഷരമരം തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചു. ഇതിൻെറ ഭാഗമായി ഓരോ ദിവസവും ഓരോ ബുക്കിനെയും കുട്ടികൾ പരിചയപ്പെടുത്തുന്ന പ്രവർത്തനത്തിന് തുടക്കമിട്ടു.

## കുട്ടിപട്ടങ്ങളുടെ അഭിരുചി പരീക്ഷ

പിരപ്പൻകോട്: ജൂൺ 25 ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൽ ചേരാനുള്ള അഭിരുചി പരീക്ഷ നടന്നു. 90 ൽ പരം കുട്ടികൾ പരീക്ഷയിൽ പങ്കെടുത്തു

## ലഹരിക്കെതിരെ

പിരപ്പൻകോട്: ഗവ:വി എച്ച് എസ് എസിലെ ലഹരി വിമുക്തി ക്ലബിന്റെ നേതൃതത്തിൽ 9-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് വാമനപുരം എക്സൈസ് ഇൻസ്പെക്ടർ ശ്രീ. അരുൺ കുമാർ സർ ബോധവൽകരണ ക്ലാസ് നയിച്ച്കൊണ്ട് ഒരു ജ്യേഷ്ഠ സഹോദരനായി മുന്നിൽനിന്ന് ഒരു കൂട്ടുകാരനെ പോലെ ലഹരി വരുന്ന വഴികളും അവയിൽ അകപ്പെട്ടാലുള്ള തിക്താനുഭവങ്ങളും കുട്ടികളെ ഓർമ്മിപ്പിച്ച് സംസാരിച്ചു. പ്രസ്തുത വിഷയവുമായി പ്ലക്കാർഡ് നിമ്മാണമൽസരവും നടത്തി.

### വിവിധ പ്രവർത്തനങ്ങൾ

ജൂൺ 24 മങ്കിബാത്ത് ക്വിസ്
ജൂൺ 27 ഹെലൻകെല്ലർ ദിനാചരണ ക്വിസ് മൽസരം
അറബിക് ക്ലബ് രൂപീകരണം



## പ്രഭാത ഭക്ഷണ വിതരണോത്ഘാടനം

പിരപ്പൻകോട്: 5 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ 250 ഓളംകുട്ടികളെ ഉൾപ്പെടുത്തി കൊണ്ട് ജി.ജി ഹോസ്പിറ്റൽ ചാരിറ്റബിൾ ട്രസ്റ്റിൻെറ പങ്കാളിത്തത്തോടെ 05.06.2025 മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീ കുതിരകുളം ജയൻ പ്രഭാതഭക്ഷണ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു.